സംസ്ഥാന സർക്കാരുകൾ തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയ മായി കേരള സർക്കാരിന് നൽകുന്നതാണ്.

(ഡി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. സ്ഥായിയായ പരിസ്ഥിതി സംരക്ഷണത്തിനും ജൈവ വൈവിധ്യ പരിപാലനത്തിനും വേണ്ടിയുള്ള വനസംരക്ഷണം.

2. പദ്ധതി പ്രദേശത്തെ വനത്തിൽനിന്നും തോട്ടങ്ങളിൽ നിന്നു മുള്ള തടികളുടെയും മറ്റു വനവിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദനക്ഷമതയുടെ വർദ്ധന.

3. വനത്തിനുള്ളിലും വനാതിർത്തിഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ ജീവിതനില വാര ഉന്നമനം.

(ഇ) ഉണ്ട്.

(എഫ്) 1998 മുതലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 1998-99 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽനിന്നും ഈ പദ്ധതിയ്ക്ക് 1500 ലക്ഷം രൂപ നീക്കിവയ്ക്കുകയും ഇതിൽ 1365.310 ലക്ഷം രൂപ (താൽക്കാ ലികം) ചെലവാക്കുകയും ഉണ്ടായി. ഈ പദ്ധതി അനുസരിച്ച് 1998-99-ൽ 2352 ഹെക്ടർ അൽപ്പം മാത്രം അസ്വസ്ഥമാക്കപ്പെട്ട സ്വാഭാവിക വനങ്ങളുടെ പുനഃരുദ്ധാരണം, 1269 ഹെക്ടർ പ്രക്ഷീണ സ്വാഭാവിക വനങ്ങളുടെ പുനഃരധി വാസം, 479 ഹെക്ടർ പ്രദേശത്ത് ഈറ്റ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാ രണം 252 ഹെക്ടർ വ്യാവസായിക തോട്ടങ്ങൾ വച്ചുപിടിപ്പിക്കൽ 115 ഹെക്ടർ തേക്കു വച്ചുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വനംവകു പ്പിന്റെ ഭരണനിർവ്വഹണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 53 ക്വാർട്ടേ ഴ്സുകളുടെ നിർമ്മാണം ആരംഭിക്കുകയും എഴുപതോളം വാഹനങ്ങൾ വാങ്ങുകയും ചെയ്തു. 1999-2000 വർഷത്തിൽ 40 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കു ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 1999 മേയ് മാസം വരെ ഉദ്ദേശം 55 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

20 (*226) കശുമാവ് കൃഷിയുടെ സമഗ്ര വികസനം

ശ്രീ. പാലോട് രവി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി സമഗ്ര വികസനത്തിനായി ഈ വർഷം നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിലേയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതി ഈ വർഷം നടപ്പാക്കു ന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ:

(സി) കശുവണ്ടി ഉൽപ്പാദന വികസനത്തിനായി 'ടെക്നോളജി മിഷൻ ഓൺ കാഷ്യൂ' എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1. കശുമാവ് വികസന പദ്ധതി

2. സംയോജിത കശുമാവ് വികസന പദ്ധതി

3. കശുമാവ് സസ്യസംരക്ഷണ പരിപാടികൾ

(ബി) ഉണ്ട്. (1) സംയോജിത കശുമാവ് വികസന പദ്ധതി (2) കശുമാവ് സസ്യസംരക്ഷണ പരിപാടികൾ.

സംയോജിത കശുമാവ് വികസന പദ്ധതിയുടെ പുതുതായി കൃഷി വ്യാപിപ്പിക്കൽ ഘടക പ്രകാരം 270 ഹെക്ടർ പ്രദേശത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പട്ടികവർഗ്ഗ കൃഷിക്കാർക്ക് ഹെക്ടറിന് 3000 രൂപ, മറ്റുള്ളവർക്ക് 2100 രൂപ എന്ന നിരക്കിൽ സഹായധനം നൽകും. മുൻവർഷങ്ങളിൽ കശുമാവ് നട്ടുപിടിപ്പിച്ച 2600 ഹെക്ടർ സ്ഥലത്തെ കൃഷിക്കും ധനസഹായം നൽകും. കശുമാവ് പുനരുദ്ധാരണ ഘടക പദ്ധതി പ്രകാരം ഒന്നാം വർഷം ഹെക്ടറിന് 2800 രൂപ, രണ്ടാം വർഷം 2200 രൂപ, മൂന്നാം വർഷം 2400 രൂപ എന്ന നിരക്കിൽ ധനസഹായം അനുവദിക്കും. ഇതനുസരിച്ച് പുതുതായി 368.57 ഹെക്ടർ സ്ഥലത്തും രണ്ടും മൂന്നും വർഷങ്ങളിൽ 200 ഹെക്ടർ പ്രദേശത്തും ധനസഹായം ലഭ്യമാക്കുന്നതാണ്. കശുമാവ് സംരക്ഷണ പരിപാടിയുടെ ഭാഗമായി സസ്യസംരക്ഷണം നടത്തുന്നതിനായി ഹെക്ടറിന് 800 രൂപ നിരക്കിൽ ധനസഹായം നൽകി. 1300 ഹെക്ടർ സ്ഥലത്തു പദ്ധതി നടപ്പാക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) കശുമാവ് കൃഷിയുടെ സമഗ്ര വികസനമാണ് ലക്ഷ്യം. ഗവേഷണം, ഉൽപ്പാദനം, ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ്, ഗുണനിലവാരം മെച്ചപ്പെടുത്തൽ, മാർക്കറ്റിംഗ്, കയറ്റുമതി, കൃഷി വ്യാപിപ്പിക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകി ലക്ഷ്യപ്രാപ്തി കൈവരിക്കുക എന്നതാണ് 'ടെക്നോളജി മിഷൻ ഓൺ കാഷ്യൂ' കൊണ്ട് ഉദ്ദേശിക്കുന്നത്.

21 (*227) വനവൽക്കരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. എം. മുരളി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമികളിൽ മരം വച്ച് പിടിപ്പിച്ച് വനവൽക്കരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) വ്യാവസായിക ആവശ്യത്തിനുള്ള യൂക്കാലിപ്റ്റസ്, തേക്ക് ഇവ വച്ച് പിടിപ്പിക്കുന്ന പ്ലാന്റേഷൻ പദ്ധതി ഇപ്പോൾ വനം വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly